121 (3304) ബ്രഹ്മപുരം താപവൈദ്യുതനിലയത്തിലെ ഡീസൽ ഉപയോഗം

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മപുരം താപവൈദ്യുതനിലയം പ്രവർത്തിച്ചു തുടങ്ങിയത് എന്നു മുതലാണ്;

(ബി) ഇത് ഒരു ദിവസം പ്രവർത്തിക്കുന്നതിന് എത്ര ഡീസൽ വേണ്ടിവരും; ഇതിന്റെ പ്രവർത്തനത്തിനുവേണ്ടിവരുന്ന ഡീസൽ എത്ര യെന്നും അതിന് എന്തുവിലയായി എന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു എന്നുമുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ബ്രഹ്മപുരം വൈദ്യുതനിലയത്തിൽനിന്നും ഒരു യൂണിറ്റ് വൈദ്യുതി ടാൻസ്മിഷൻ സ്റ്റേജിലെത്തുമ്പോൾ ഡീസൽവില, ശമ്പളം, അലവൻസ്, ഇൻവെസ്റ്റ് ചെയ്ത പണത്തിന്റെ പലിശ, മറ്റ് ഓവർഷെഡ് ചെലവുകൾ എന്നിവ ഉൾപ്പെടെ എന്തു ചെലവു വരുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബ്രഹ്മപുരം വൈദ്യുതി നിലയത്തിന്റെ 5 യൂണിറ്റുകൾ താഴെ പറയുന്ന തീയതികളിൽ പ്രവർത്തനം ആരംഭിച്ചു.

1-ാമത്തെ യൂണിറ്റ്	-	6-05-97
2-ാമത്തെ യൂണിറ്റ്	-	7-8-97
3-ാമത്തെ യൂണിറ്റ്	-	7-10-97
4-ാമത്തെ യൂണിറ്റ്	-	17-12-97
5-ാമത്തെ യൂണിറ്റ്	-	24-11-98

(ബി) എഞ്ചിൻ സ്റ്റാർട്ടിംഗിനും സ്റ്റോപ്പിംഗിനും മാത്രമേ ഡീസൽ ആവശ്യമുള്ളൂ. പ്രധാന ഇന്ധനം എൽ.എസ്.എച്ച്.എസ്. ആണ്. ഒരു ദിവസം 5 യൂണിറ്റ് സ്റ്റാർട്ട് ചെയ്യുന്നതിന് 1120 ലിറ്റർ ഡീസൽ മതി. ഇതിന്റെ വില 11,228 രൂപ വരും. 5 യൂണിറ്റ് ഒരു ദിവസം 70% പി.എൽ.എഫ്.ൽ പ്രവർത്തിപ്പിക്കുവാൻ. 336 മെട്രിക് ടൺ എൽ.എസ്.എച്ച്.എസ്. വേണ്ടിവരും. ഇതിന്റെ വില ഏകദേശം 22.33 ലക്ഷം രൂപയാണ്. 5 യൂണിറ്റ് ഇതേ പി.എൽ എഫ്.ൽ പ്രവർത്തിപ്പിച്ചാൽ 16,80,000 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും.

(സി) 2 രൂപ 95 പൈസ ചെലവു വരും.

122 (3305) യന്ത്രത്തിലെ ഡീസൽ ചോർച്ച

ശ്രീ വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യന്ത്രത്തിലുണ്ടാകുന്ന ചോർച്ചമൂലം ബ്രഹ്മപുരം താപനിലയം നടത്തുന്നതിന് ഉപയോഗിക്കുന്ന ഡീസലിൽ നഷ്ടം വരുന്നുണ്ടോ;

(ബി) എങ്കിൽ പ്രതിദിനം എന്തു തുക ഈ ഇനത്തിൽ നഷ്ടം വരുന്നുണ്ടെന്ന് അറിയിക്കുമോ;

811/2010.

LIBRARY ARCHIVES Kerala Legislative Assembly